**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3399** **15-02-2024 - ൽ മറുപടിയ്ക്ക്**

**സ്കൂൾ പാഠ്യപദ്ധതിയിൽ ഭരണഘടനാ പഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പ്രമോദ് നാരായൺ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ഡോ. എൻ. ജയരാജ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സ്കൂൾ പാഠ്യപദ്ധതിയിൽ ഏത് ക്ലാസ് മുതലാണ് ഭരണഘടനാ പഠനം ഉൾപ്പെടുത്തിയിരിക്കുന്നത് എന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്തെ സ്കൂൾ പാഠ്യപദ്ധതിയിൽപ്രൈമറിതലത്തിൽ പരിസരപഠനത്തിന്റെ ഭാഗമായും ഹൈസ്കൂൾ, ഹയർ സെക്കൻഡറി തലങ്ങളിൽ സാമൂഹ്യശാസ്ത്ര പാഠപുസ്തകങ്ങളുടെ ഭാഗമായും വിവിധ സന്ദർഭങ്ങളിൽ ഭരണഘടനാ മൂല്യങ്ങൾ ഉൾക്കൊള്ളുന്ന പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, പുതിയതായി തയ്യാറാക്കിയിട്ടുള്ള എല്ലാ പാഠപുസ്തകങ്ങളിലും ഭരണഘടനയുടെ ആമുഖം, മൗലിക കർത്തവ്യങ്ങൾ, കുട്ടികളുടെ അവകാശങ്ങൾ എന്നീ ഭാഗങ്ങൾ പ്രത്യേകമായി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഒന്നാം ക്ലാസ് മുതൽ തന്നെ ഭരണഘടനയും പൗരധർമ്മവും ചുമതലകളും അവകാശങ്ങളും പഠിക്കുന്നതിന് അവസരം ലഭിക്കത്തക്ക വിധത്തിൽ സിലബസിൽ ഇക്കാര്യങ്ങൾ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കാമോ? | (ബി) | ഭരണഘടനയെ സംബന്ധിച്ച് എല്ലാ വിദ്യാർത്ഥികൾക്കും സമഗ്രമായ ധാരണ വികസിപ്പിക്കുന്നതിന് അനുയോജ്യമായ പാഠ ഭാഗങ്ങൾ, പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി 2024-25 അധ്യയന വർഷം മുതൽ പ്രാബല്യത്തിൽ വരുന്ന പുതിയ പാഠപുസ്തകങ്ങളിൽ വിവിധ ക്ലാസുകളിലായി ഉൾച്ചേർത്തിട്ടുണ്ട്. 'ജനങ്ങൾ ജനങ്ങളാൽ' എന്ന അഞ്ചാം ക്ലാസിലെ സാമൂഹ്യശാസ്ത്ര പാഠപുസ്തകത്തിൽ ജനാധിപത്യ ഭരണസംവിധാനത്തെക്കുറിച്ചും ഭരണഘടനയിൽ ജനാധിപത്യത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും വ്യക്തമാക്കിയിട്ടുണ്ട്. 'ഭരണഘടന - വഴിയും വഴികാട്ടിയും' എന്ന ഏഴാം ക്ലാസ് സാമൂഹ്യശാസ്ത്ര പാഠപുസ്തകത്തിന്റെ മൂന്നാം അധ്യായത്തിൽ ഭരണഘടന നിലവിൽ വന്നത് മുതൽ ഭരണഘടനയുടെ സവിശേഷതകൾ, വ്യത്യസ്ത നിയമങ്ങൾ എന്നിവയെക്കുറിച്ചും ഭരണഘടനാ ധർമ്മങ്ങളെക്കുറിച്ചും വ്യക്തമാക്കിയിട്ടുണ്ട്. ഒമ്പതാം ക്ലാസിലെ 'ഭരണസ്ഥാപനങ്ങൾ' എന്ന |

| | | | |
|---|---|---|---|
| | | | അധ്യായത്തിലൂടെ ഇന്ത്യൻ ഭരണഘടനയെ കുറിച്ച് കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ